## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

### സംഗ്രഹം

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- ദേവസ്വം ബോർഡ് ആസ്ഥാനത്ത് ശബരിമല വിഷയങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാവുന്ന രീതിയിൽ ഹെൽപ് ഡെസ്ക്ആരംഭിക്കുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 15/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വിളിച്ച് കൂടിയ യോഗത്തിൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ശബരിമല വിഷയങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന നൽകാവുന്ന രീതിയിൽ ഹെൽപ് ഡെസ്ക് സംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

### ഉത്തരവ്

ദേവസ്വം ബോർഡ് ആസ്ഥാനത്ത് ശബരിമല വിഷയങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാവുന്ന രീതിയിൽ ഹെൽപ് ഡെസ്ക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചു. സീസണിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനം താല്കാലിക ജീവനക്കാരെ നിയോഗിച്ച് ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തി. ഇതിലേക്ക് നിലവിൽ എടുത്തിട്ടുള്ള പി.ആർ.ഐ ലൈൻ ഇ.പി.ബി. എ.എക്സി ൽ ഘടിപ്പിക്കുന്നതിനും, ആയത് ഒരു മാസത്തിനകം നടപ്പാക്കുന്നതിനും ചീഫ് എഞ്ചിനിയറെ ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)

സെക്രട്ടറി

**പകർപ്പ്:-**

1. എല്ലാ ഓഫീസ് മേധാവികൾക്കും
2. പബ്ലിക് റിലേഷൻസ് ഓഫീസർ
3. ഇ.ഡി.പി (വെബ് സൈറ്റ്)
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

21..03.2016
Vgk